**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:182** **27.02.2017-ൽ മറുപടിക്ക്**

**രാഷ്ട്രീയ കൊലപാതകങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) | |
| (എ) | 2016 ജൂൺ മുതൽ ഡിസംബർ വരെ സംസ്ഥാനത്തുണ്ടായ രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | പത്ത്, കോട്ടയം ജില്ലയിൽ ഒന്നും പാലക്കാട്, കോഴിക്കോട് ജില്ലകളിൽ രണ്ട് വീതവും കണ്ണൂരിൽ അഞ്ചും. |
| (ബി) | രാഷ്ട്രീയ കൊലപാതകങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | | |
| (സി) | കൊല്ലപ്പെട്ടവർ ഏത് രാഷ്ട്രീയ പാർട്ടിയുടെ അനുഭാവികളാണെന്ന് വ്യക്തമാക്കുമോ; | (സി) | അഞ്ച് ബി.ജെ.പി പ്രവർത്തകരും രണ്ടു വീതം സി.പി.ഐ (എം), ഐ.യു.എം.എൽ പ്രവർത്തകരും, സി.പി.ഐ (എം) പ്രവർത്തക നായിരുന്ന ഒരാളും. |
| (ഡി) | ഈ കാലയളവിലെ രാഷ്ട്രീയ കൊലപാതകവുമായി ബന്ധപ്പെട്ട് എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (ഡി) | രാഷ്ട്രീയ കൊലപാതകവുമായി ബന്ധപ്പെട്ട് 77 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്, 5 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | രാഷ്ട്രീയ കൊലപാതകങ്ങൾ തടയാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ഇ) | രാഷ്ട്രീയ സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗ്, പോലീസ് ബന്തവസ്സ്, പിക്കറ്റ് പോസ്റ്റ് എന്നിവ നടപ്പിലാക്കി വരുന്നു. രാഷ്ട്രീയ കൊലപാതക കേസുകളിൽ എത്രയും വേഗം പ്രതികളെ അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും |

സ്ഥിരം കുറ്റവാളികളുടെ
പ്രവർത്തനങ്ങൾ രഹസ്യമായി
നിരീക്ഷിക്കുകയും കാപ്പ മുതലായ
നിയമങ്ങൾക്ക് വിധേയമായി
പ്രതികളെ തടങ്കലിൽ വയ്ക്കുകയും
ചെയ്തുവരുന്നു. കൂടാതെ രാഷ്ട്രീയ
സംഘർഷം നിലനിൽക്കുന്ന
പ്രദേശങ്ങളിൽ മുഖ്യമന്ത്രിയുടെ
നേതൃത്വത്തിൽ ബന്ധപ്പെട്ട കക്ഷി
നേതാക്കളുമായി സർവ്വകക്ഷിയോഗ
ങ്ങൾ ഉൾപ്പെടെയുള്ള സാമാധാന
ശ്രമങ്ങൾ സർക്കാർ നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**